**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** **25-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 ന്റെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66 ന്റെ ആലപ്പുഴ പുന്നപ്ര മുതൽ കായംകുളം വരെയുള്ള ഭാഗത്ത് റോഡിലുണ്ടായിട്ടുള്ള കുഴികൾമൂലം യാത്രാദുരിതവും അപകടങ്ങളും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണിയുടെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 66, 4/6 വരിയാക്കുന്ന പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിന്റെ 12/05/2020 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതാണ്, നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിലാണ്. |
| (ബി) | 2015 ൽ ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച റോഡ് മൂന്ന് വർഷത്തിനിപ്പുറം തകരാൻ ഇടയായതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ 2015 കാലയളവിൽ ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. എന്നാൽ 2017-18 കാലയളവിൽ ആലപ്പുഴ പാതിരാപ്പള്ളി (ചെ.- 406/600) മുതൽ പുറക്കാട് (ചെ.-428/000) വരെയുള്ള ഭാഗം ജർമ്മൻ സാങ്കേതികവിദ്യയായ Cold milling and Recycling ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ defect liability period 09/01/2021 ൽ പൂർത്തിയായിട്ടുണ്ട്. ഈ കാലയളവിൽ തകരാറുകളൊന്നും തന്നെയുണ്ടായിട്ടില്ല. 2018-19 കാലയളവിൽ അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗത്ത് (ചെ.-366/905 മുതൽ 390/570) ജർമ്മൻ സാങ്കേതിക വിദ്യ Recycling Pavement by cold milling in hot mix plant ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തിട്ടുണ്ട്. റോഡിന്റെ സെൻട്രൽ മീഡിയനിൽ വെള്ളം കെട്ടി നിൽക്കുകയും തുടർന്ന് വെള്ളം DBM, BC layer കളുടെ ഇടയിലേയ്ക്ക് ഊർന്ന് ഇറങ്ങുന്നത് മൂലമാണ് റോഡ് ഉപരിതലത്തിൽ കേടുപാടുകൾ സംഭവിച്ചിരുന്നത്. പ്രസ്തുത പ്രവൃത്തി DLP പിരീഡിൽ ആയതിനാൽ കരാറുകാരന്റെ ചെലവിൽതന്നെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നാഷണൽ ഹൈവേ അതോറിറ്റി ഈ റോഡിന്റെ | (സി) | ദേശീയപാത 66, 4/6 വരിയാക്കുന്ന |

| | | | |
|---|---|---|---|
| | പൂർണ്ണ ചുമതല ഏറ്റെടുത്തത് എന്നാണെന്നും ഇതിനുശേഷം റോഡിൽ ഏതെങ്കിലും തരത്തിലുള്ള അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | | പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിന്റെ 12/05/2020 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതാണ്, നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിലാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടെങ്കിലും അതിന് കാലതാമസം ഉണ്ടായതിനാൽ, ദേശീയപാത വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഫണ്ട് അനുവദിക്കാമെന്നും പൊതുമരാമത്ത് ദേശീയപാത വിഭാഗം തന്നെ പ്രവൃത്തി നടപ്പിലാക്കണമെന്ന് തീരുമാനമെടുക്കുകയും അത് പ്രകാരം തുക അനുവദിച്ച് ടെണ്ടർ നടപടികൾ നടത്തി അറ്റകുറ്റപ്പണികൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | ഹൈവേ അതോറിറ്റി അറ്റകുറ്റപ്പണി യഥാസമയം നടത്താത്ത സാഹചര്യത്തിൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ദേശീയപാത 66, 4/6 വരിയാക്കുന്ന പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിന്റെ 12/05/2020 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതാണ്, നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിലാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടെങ്കിലും അതിന് കാലതാമസം ഉണ്ടായതിനാൽ, ദേശീയപാത വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഫണ്ട് അനുവദിക്കാമെന്നും പൊതുമരാമത്ത് ദേശീയപാത വിഭാഗം തന്നെ പ്രവൃത്തി നടപ്പിലാക്കണമെന്ന് തീരുമാനമെടുക്കുകയും അത് പ്രകാരം തുക അനുവദിച്ച് ടെണ്ടർ നടപടികൾ നടത്തി അറ്റകുറ്റപ്പണികൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ